# പെരുകുന്ന തൊഴിലില്ലായ്മയും കയറുന്ന സാധനവിലയും

320.954
PER

സി.പി.ഐ എം സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

വില: 0.75 പൈസ

3

J1040

# പെരുകുന്ന തൊഴിലില്ലായ്മ

കേരള സംസ്ഥാനം ഇന്നഭിമുഖികരിക്കുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലെടുക്കാൻ കഴിവും സന്നദ്ധതയുമുള്ളവരിൽ 22 ശതമാനം പേർക്കു പണിയില്ല. തൊഴിലെടുക്കാൻ കഴിവുള്ള സ്ത്രീകളിൽ നല്ല പങ്ക് എത്ര ശ്രമിച്ചാലും തൊഴിലില്ല എന്നതിനാൽ തൊഴിലന്വേഷണം തന്നെ അവസാനിപ്പിച്ച് വീട്ടുപണിയുമായി കഴിഞ്ഞുകൂടുകയാണ്. ഏതാണ്ട് 15 ശതമാനം സ്ത്രീകളാണു വീട്ടിനു പുറത്തു തൊഴിലിൽ ഏർപ്പെടുന്നത്. തൊഴിലില്ലാത്തവരിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരാണ് എന്നതാണ് മറ്റൊരു പ്രത്യേകത. പത്താംക്ലാസ് പാസ്സായ ഒരാൾക്ക് തൊഴിൽ തൊഴിൽ ലഭിക്കുന്നതിന് ശരാശരി 15 വർഷമെങ്കിലും കാത്തിരിക്കേണ്ടിവരും എന്നതാണ് ഇന്നത്തെ നില. രൂക്ഷമായ തൊഴിലില്ലായ്മ നാനാവിധ അസ്വസ്ഥതകൾക്ക് ഇട നൽകിക്കൊണ്ടിരിക്കുകയാണ്. തൊഴിലിനു വേണ്ടി ജാതിയുടെയും പ്രാദേശിക വാദത്തിൻെറയുമെല്ലാം അടിസ്ഥാനത്തിൽ ജനങ്ങൾ തമ്മിൽ കലഹിക്കുന്ന സ്ഥിതി ഉണ്ടായിരിക്കുന്നു.

കേരളത്തിലെ അത്ര രൂക്ഷമല്ലെങ്കിലും ഇന്ത്യയിൽ മൊത്തത്തിൽ തൊഴിൽ നില വഷളായിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം കേരളീയർക്കു മുമ്പെന്നപോലെ മറ്റു സംസ്ഥാനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യതയും കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

തൊഴിലില്ലാത്ത കോടികളുടെ വോട്ടുകൾ തട്ടിയെടുക്കുന്നതിന് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് കോൺഗ്രസ് ഐ ഒട്ടേറെ മോഹനവാഗ്ദാനങ്ങൾ നൽകുകയുണ്ടായി. വാക്കു പാലിക്കുന്നതിന് കോൺഗ്രസിനു കഴിഞ്ഞിട്ടുണ്ടോ? അഞ്ചു വർഷക്കാലത്തെ കോൺഗ്രസ് ദുർഭരണത്തെ വിലയിരുത്തുന്നതിനും കണക്കു പറയുന്നതിനും നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലാത്ത യുവലക്ഷങ്ങൾക്കു വരാൻ പോകുന്ന തെരഞ്ഞെടുപ്പു ഒരവസരം നൽകിയിരിക്കയാണ്.

I

**വാഗ്ദാനം 1:** "അനുയോജ്യമായ വ്യാവസായിക കാർഷിക സാമ്പത്തിക ധനകാര്യനയങ്ങളിലൂടെ പ്രതിവർഷം മൂന്നു ശതമാനം തൊഴിലവ

320.954 PER


സരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള തന്ത്രം കോൺഗ്രസ് ആവിഷ്കരിച്ച് നടപ്പാക്കും." (കോൺഗ്രസ് പ്രകടന പത്രിക 1991) ഇന്ത്യയിലെ ജനസംഖ്യ ഏതാണ്ട് രണ്ടു ശതമാനം വീതമാണ് പ്രതിവർഷം വളരുന്നത്. തൊഴിലന്വേഷകരുടെ എണ്ണം വർധിക്കുന്നതിനെക്കാൾ ഏതാണ്ട് ഒന്നരഇരട്ടി വേഗത്തിൽ തൊഴിലവസരങ്ങൾ ഉയർത്തുമെന്നായിരുന്നു വാഗ്ദാനം.

എന്നാൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ എണ്ണം ഇപ്പോൾ നാലു കോടി കവിഞ്ഞിരിക്കുന്നു. രജിസ്റ്റർ ചെയ്തവരിൽ എത്ര പേർക്കു തൊഴിൽ നൽകാൻ കഴിയുന്നു.?

1951 ൽ രജിസ്റ്റർ ചെയ്തിരുന്ന തൊഴിലന്വേഷകരിൽ 30 ശതമാനം പേർക്ക് ആ വർഷം തൊഴിൽ നൽകാൻ കഴിഞ്ഞു. 1960 ആയപ്പോഴേക്കു ഈ തോതു 11 ശതമാനമായി ഇടിഞ്ഞു. 1980ൽ 8 ശതമാനം പേർക്കേ തൊഴിൽ നൽക്കാൻ കഴിഞ്ഞുള്ളൂ. ഇന്നിപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ ഏതാണ്ട് അഞ്ചു ശതമാനം പേർക്കേ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി തൊഴിൽ നൽകാൻ കഴിയുന്നുള്ളൂ എന്ന നിലയായിരിക്കുന്നു.

എന്തുകൊണ്ട് രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർക്ക് തൊഴിൽ നൽകാൻ പറ്റുന്നില്ല.?

ഇതിനു പ്രധാനപ്പെട്ട കാരണം സംഘടിതമേഖലയിൽ പുതിയ തൊഴിലുകൾ നാമമാത്രമായേ ഉണ്ടായുള്ളൂ എന്നതാണ്. 1960 കളിൽ സംഘടിത മേഖലയിൽ 45 ശതമാനം വർധനയുണ്ടായി. എൺപതുകളിൽ 20 ശതമാനത്തിൽ താഴെമാത്രം. നരസിംഹറാവുവിൻെറ ഭരണത്തിൻകീഴിലോ? എത്രവന്നാലും ആറു ശതമാനത്തിലധികരിക്കാൻ പോകുന്നില്ല. 1990ൽ സംഘടിതമേഖലയിലെ മൊത്തം തൊഴിലാളികളുടെ എണ്ണം 2.63 കോടിയായിരുന്നു. 1990നും 1993നും ഇടയ്ക്ക് പുതുതായി 8.6 ലക്ഷം പേർക്കു പണി നൽകുന്നതിനേ കഴിഞ്ഞുള്ളൂ. അതായത് 3.3 ശതമാനം പേർക്ക്. 1970നും 1987നുമിടയ്ക്ക് കാർഷിക വ്യാവസായിക മേഖലകളിലെല്ലാം കൂടി 2. 7 ശതമാനം വീതമാണ് പ്രതിവർഷം പുതുതായി തൊഴിലവസരങ്ങളുണ്ടായത്. 1983നും 88നുമിടയ്ക്ക് ദേശീയോൽപ്പാദനം അഞ്ചു ശതമാനത്തിനു മുകളിലുയർന്നിട്ടും തൊഴിലവസര വർധന നേർ പകുതിയായി, അതായത് 1.3 ശതമാനമായി താഴുകയാണുണ്ടായത്. നരസിംഹറാവുവിൻെറ ഭരണകാലത്ത് ദേശീയോൽപ്പാദന വർധന കുത്തനേ ഇടിഞ്ഞു. ശരാശരി അത് മൂന്നു ശതമാനത്തേക്കാൾ അൽപം കൂടുതലേ വരൂ. ഇതുതന്നെ കൈവരിച്ചിരിക്കുന്നത് യന്ത്രവൽക്കരണവും കമ്പ്യൂട്ടറൈസേഷനുമെല്ലാം ഏർപ്പെടുത്തിയിട്ടാണ്. ഇതും കൂടി മനസ്സിലാക്കുമ്പോഴേ പ്രതിവർഷം മൂന്നു ശതമാനം വീതം തൊഴിലവസരം വർധിപ്പിക്കുമെന്ന കോൺഗ്രസിൻെറ വാഗ്ദാനത്തിൻെറ യഥാർഥത്തിലുള്ള പൊള്ളത്തരം പൂർണ്ണമായും വെളിവാകൂ.

## II

**വാഗ്ദാനം 2:** " കോൺഗ്രസ് പ്രതിവർഷം 10 ദശലക്ഷം പുതിയ തൊഴിൽ സൃഷ്ടിക്കുകയും നൂറ്റാണ്ടവസാനത്തോടെ 100 ദശലക്ഷം അവസരങ്ങളുണ്ടാക്കുകയും ചെയ്യും"(കോൺഗ്രസ് പ്രകടനപത്രിക 1991).

ഒന്നാമത്തെ വാഗ്ദാനം ശതമാനക്കണക്കിലായിരുന്നുവെങ്കിൽ രണ്ടാമത്തെ വാഗ്ദാനം അതു തന്നെ എണ്ണത്തിലാവർത്തിച്ചിരിക്കുകയാ

ണ്. 1989-90ൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരുടെ മൊത്തം എണ്ണം 2.6 കോടി വരും. ഇതിൻെറ മൂന്നു ശതമാനം എന്നു പറഞ്ഞാൽ ഏതാണ്ട് 8 ദശലക്ഷമേ വരൂ. ഒരു കമ്മതി കണക്കാവട്ടെ എന്നുവച്ച് കോൺഗ്രസ് പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത് പ്രതിവർഷം 10 ദശലക്ഷം പേർക്കു തൊഴിൽ നൽകുമെന്നാണ്!.

സംഘടിതമേഖലയിലെ തൊഴിലവസര വർധനയുടെ കണക്കു നേരത്തെ പറഞ്ഞുവല്ലോ? ആ തോതനുസരിച്ച് അഞ്ചു വർഷം കൊണ്ട് 1.5 ദശലക്ഷം തൊഴിൽ പോലും സൃഷ്ടിക്കാൻ കഴിഞ്ഞിരിക്കുകയില്ല.

മറ്റു മേഖലകൾ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഏറ്റവും അവസാനം ലഭിച്ചിട്ടുള്ള കണക്ക് 1992ൽ നടത്തിയ സാമ്പിൾ സർവ്വേയിൽ നിന്നാണ്. ഇതുപ്രകാരം കാർഷികേതര മേഖലയിൽ 1989-90നും 1992നുമിടയ്ക്ക് തൊഴിലെടുക്കുന്നവരുടെ എണ്ണം 6.85 കോടിയിൽ നിന്നും 5.78 കോടിയിലേക്കു കുറഞ്ഞു.

എന്തുകൊണ്ടിങ്ങനെ സംഭവിച്ചു? കാണങ്ങൾ പലതാണ്.

ഒന്നാമതായി, പുത്തൻ സാമ്പത്തിക നയത്തിൻെറ ഫലമായി പൊതുമേഖലയിൽ നിന്നും മറ്റും വൻതോതിൽ തൊഴിലാളികളെ പിരിച്ചുവിട്ടു കൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിനു തൊഴിലാളികൾക്കാണ് സ്വയം റിട്ടയർ ചെയ്യേണ്ടിവന്നിട്ടുള്ളത്. സർക്കാരിൻെറ കണക്കുപ്രകാരം ഇത് 1.4 ലക്ഷം വരും. റെയിൽവേയിൽ 16 ലക്ഷം പേർ പണിയെടുക്കുന്നതിൽ പകുതിയിലേറെപ്പേരെ പുനഃസംഘടനയുടെ പേരിൽ പിരിച്ചുവിടാമെന്നാണ് അധികൃതരുടെ കണക്കുകൂട്ടൽ. ഇതുപോലെ പൊതുമേഖലയോരോന്നിലും.

രണ്ടാമതായി, പുതിയ സാമ്പത്തിക നയങ്ങളുടെ ഫലമായി പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധിയിലാണ്. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്ന കൈത്തറിയുടെ കാര്യം തന്നെയെടുക്കുക. കയറ്റുമതിക്കായി ചെയ്യുന്ന ചെറിയൊരു വിഭാഗം ഒഴിച്ചു ബാക്കി കൈത്തറി മേഖലയാകെ നൂലിൻെറ വില വർധനയും യന്ത്രത്തറികളിൽ നിന്നുള്ള അനിയന്ത്രിത മൽസരവും മൂലം തകർന്നു കൊണ്ടിരിക്കുകയാണ്.

മൂന്നാമതായി, നിലവിലുള്ള ചെറുകിട-ഇടത്തരം വ്യവസായങ്ങളിൽ നല്ല പങ്കും അതിവേഗം രോഗഗ്രസ്തമായിക്കൊണ്ടിരിക്കുകയാണ്. ചെറുകിട-പീഡിത വ്യവസായങ്ങളുടെ എണ്ണം 1990ൽ രണ്ടു ലക്ഷമായിരുന്നത് 1994ൽ 2.9 ലക്ഷമായി ഉയർന്നു. ഇടത്തരം-വൻകിട പീഡിതവ്യവസായശാലകളുടെ എണ്ണം 1455ൽ നിന്ന് 1915 ആയി ഉയർന്നു.

ഇതിൻെറയെല്ലാം ആത്യന്തികഫലമായി തൊഴിലെടുക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു തൊഴിൽ സേനയിലേക്കു കടന്നുവരുന്നവരുടെ എണ്ണത്തിനനുസരിച്ച് തൊഴിലവസരങ്ങൾ ഉണ്ടാവുന്നില്ല. പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനായ ആർ ദത്ത് തയ്യാറാക്കിയ കണക്കുകളാണ് താഴെ കൊടുത്തിരിക്കുന്നത്. 1990-91നും 1993-94നും ഇടയ്ക്ക് തൊഴിൽസേനയുടെ എണ്ണം 35.6 കോടിയിൽ നിന്നു 38.0 കോടിയായി ഉയർന്നു. എന്നാൽ തൊഴിലെടുക്കുന്നവരുടെ എണ്ണം 34.50 കോടിയിൽ നിന്ന് 35.9 കോടിയായേ ഉയർന്നുള്ളൂ. ഇതിൻെറ ഫലമായി തൊഴിലില്ലാത്തവരുടെ എണ്ണം 1.1 കോടിയിൽ നിന്ന് 2.16 കോടിയായി ഉയർന്നു. തൊഴിലില്ലായ്മ നിരക്ക് തൊഴിൽസേനയുടെ 3.1 ശതമാനമായിരുന്നത് 5.5 ശതമാനമായി ഉയർന്നു.

## പട്ടിക 1: തൊഴിലും തൊഴിലില്ലായ്മയും (കോടിയിൽ)

| | തൊഴിൽ സേന | തൊഴിലുള്ളവർ | തൊഴിലില്ലാത്തവർ | തൊഴിലില്ലായ്മാ ശതമാനം |
|---|---|---|---|---|
| 90-91 | 35.6 | 34.5 | 1.1 | 3.1 |
| 91-92 | 36.4 | 34.7 | 1.7 | 4.7 |
| 92-93 | 37.2 | 35.3 | 1.9 | 5.1 |
| 93-94 | 38.0 | 35.9 | 2.1 | 5.5 |

## പട്ടിക 2. പീഢിത വ്യവസായങ്ങൾ

| | പീഢിതചെറുകിടവ്യവസായങ്ങൾ | മറ്റുവ്യവസായശാലകൾ | മൊത്തം |
|---|---|---|---|
| മാർച്ച് 1990 | 218828 | 1455 | 220283 |
| മാർച്ച് 1991 | 221472 | 1461 | 222933 |
| മാർച്ച് 1992 | 245575 | 1530 | 247111 |
| മാർച്ച് 1993 | 238176 | 1867 | 240043 |
| മാർച്ച് 1994 | 256452 | 1915 | 258367 |

III

**വാഗ്ദാനം 3:** "എല്ലാ വർഷവും 1000 ദശലക്ഷം ഗ്രാമീണ സംരക്ഷിത തൊഴിൽ ദിനങ്ങൾ ഉണ്ടാക്കും" (കോൺഗ്രസ് പ്രകടനപത്രിക-1991)

ഇതിനൊക്കെ പുറമേ ഭാഗികമായി മാത്രം തൊഴിൽ ലഭിക്കുന്ന ഗ്രാമീണ ജനങ്ങൾക്ക് പ്രതിവർഷം 100 കോടി തൊഴിൽ ദിനങ്ങൾ വിവിധ തൊഴിൽദാന പരിപാടികളിലൂടെ ഉറപ്പാക്കും. എന്നാണു വാഗ്ദാനം. ഐആർഡിപി, ജെആർവൈ തുടങ്ങിയ ദാരിദ്ര്യ നിർമ്മാർജ്ജന-തൊഴിൽദാന പരിപാടികളിലൂടെയാണ് ഇതു കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

ഈ പരിപാടികളുടെ നടത്തിപ്പു സംബന്ധിച്ചു കേന്ദ്ര സർക്കാരിന്റെ തന്നെ അവലോകന റിപ്പോർട്ടുകൾ ഭീമൻ തട്ടിപ്പുകൾ പലതും പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ജെആർവൈ പദ്ധതിയുടെ 15 ശതമാനത്തിൽ താഴെ മാത്രമാണ് കൂലിയായി തൊഴിലാളികൾക്കു ലഭിക്കുന്നതു എന്നാണു മതിപ്പു കണക്ക്.

ഇതൊക്കെ മാറ്റി നിർത്തിയാൽ പോലും പദ്ധതിലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞത് 1994 ൽ മാത്രമാണ്. ബാക്കി വർഷങ്ങളിലെല്ലാം തൊഴിൽദാന പരിപാടികളിലൂടെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ പദ്ധതി ലക്ഷ്യത്തേക്കാൾ 20-30 ശതമാനം താഴ്ന്നതായിരുന്നു എന്നാണു കണക്കു

കൾ കാണിക്കുന്നത്.

## IV

കേന്ദ്രം ഇത്രയും വാഗ്ദാനം ചെയ്തപ്പോൾ കേരളത്തിലെ യുഡിഎഫിനും എന്തെങ്കിലും പറയാതിരിക്കാനാവില്ലല്ലോ. ആയതിനാൽ അവർ വാഗ്ദാനം ചെയ്തത് 1000 കോടി രൂപയുടെ തൊഴിൽദാന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകുമെന്നാണ്.

ഭരണത്തിലേറി മൂന്നുവർഷം തീരാറായപ്പോഴേക്കും 1000 കോടി രൂപയുടെ പദ്ധതിയെന്ന പേരിൽ ഒരു രേഖ സംസ്ഥാന പ്ലാനിംഗ് ബോർഡ് പുറത്തിറക്കി. 8-ാം പദ്ധതിയുടെ ഭാഗമായി മുൻപേ തീരുമാനിച്ചിരുന്ന സ്കീമുകളിൽ നിന്ന് ഏതാണ്ട് 1000 കോടി രൂപയ്ക്കുള്ളത് കൂട്ടിച്ചേർത്ത് അച്ചടിച്ച് പുറത്തിറക്കി വാഗ്ദാനം പാലിച്ചതായി വീമ്പിളക്കുകയാണ് വലതുമുന്നണി സർക്കാർ.

ഏറ്റവും കൂടുതൽ തൊഴിൽ പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിച്ചിരുന്ന സ്കീമുകളാണ് 8-ാം പഞ്ചവൽസര പദ്ധതിയിൽ നിന്നു "1000 കോടി രൂപയുടെ തൊഴിൽദാന പദ്ധതി"യിൽ എടുത്തു ചേർത്തിരുന്നത്. ഈ സ്കീമുകൾ നടപ്പാക്കിക്കഴിയുമ്പോൾ 9.3 ലക്ഷം പേർക്ക് സ്ഥിരം തൊഴിലും 14 ലക്ഷം മറ്റു പ്രവർത്തി ദിനങ്ങളും സൃഷ്ടിക്കപ്പെടുമെന്നായിരുന്നു മതിപ്പുകണക്ക്.

9.3 ലക്ഷം സ്ഥിരം തൊഴിലുകളിൽ 22 ശതമാനം പട്ടുനൂൽ കൃഷിയിലും 32 ശതമാനം ചെറുകിട വ്യവസായത്തിലും 32 ശതമാനം ഐആർഡിപി മുതലായ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിലുമാണു വിഭാവനം ചെയ്തിരുന്നത്. എന്നാൽ വലതുമുന്നണി സർക്കാരിൻെറ കെടുകാര്യസ്ഥത മൂലം ഈ സ്കീമുകളൊന്നും ലക്ഷ്യത്തിനടുത്തുപോലും എത്തിയിട്ടില്ല. പട്ടുനൂൽ കൃഷിയായിരുന്നു ഏറ്റവും വലിയ പരാജയം. 1993ൽ പാലക്കാട് നടത്തിയ സർവ്വേ തെളിയിച്ചത് അവിടെ പട്ടുനൂൽ കൃഷി സ്വീകരിച്ച 487 കൃഷിക്കാരിൽ 104 പേർ അത് ഉപേക്ഷിച്ചു എന്നാണ്. ശേഷിച്ചവരിൽ ഭൂരിപക്ഷവും 1994ൽ പട്ടുനൂൽ കൃഷി മതിയാക്കി. ഹെക്ടറിന് 18584 രൂപ അറ്റാദായം ലഭിക്കും എന്നു പറഞ്ഞിടത്ത് 635 രൂപയേ യഥാർത്ഥത്തിൽ കൃഷിക്കാർക്കു ലഭിച്ചുള്ളൂ എന്നായിരുന്നു ഈ തിരിച്ചുപോക്കിനു കാരണം.' എന്തേ ഈ കണക്കുകൂട്ടലുകൾ തെറ്റാൻ കാരണം? കേന്ദ്ര സർക്കാരിൻെറ ഇറക്കുമതി നയം തന്നെ. വിദേശത്തു നിന്നു പട്ടുനൂൽ ഇറക്കുമതി അനുവദിച്ചതോടെ നാട്ടിലെ വിലയും ഇടിഞ്ഞു. പദ്ധതി പൊളിഞ്ഞു.

ചെറുകിട വ്യവസായങ്ങൾ എണ്ണത്തിൽ ലക്ഷ്യമനുസരിച്ചുതന്നെ പെരുകി എന്നതു ശരിയാണ്. എന്നാൽ ഇവയെല്ലാം വളരെ ചെറിയ യൂണിറ്റുകളാണ് എന്നതാണ് സത്യം. ശരാശരി യൂണിറ്റിൻെറ ഉൽപാദനം അഖിലേന്ത്യാ ശരാശരിയുടെ പകുതിയേ വരൂ. സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ അഖിലേന്ത്യാ ശരാശരിയുടെ മൂന്നിലൊന്നും. വളരെയേറെ സ്ഥാപനങ്ങൾ രോഗഗ്രസ്ഥമാണ്.

ഐആർഡിപിയുടെയും മറ്റും സ്ഥിതിവിവരിക്കാതിരിക്കുന്നതാണ് ഭേദം. 1000 കോടി തൊഴിൽദാന പദ്ധതി ഭരണക്കാർപോലും ഇന്നു വിസ്മരിച്ചുകഴിഞ്ഞു.

# വിലകൾ: കോൺഗ്രസിൻെറ വാഗ്ദാന വും ഇന്നത്തെ യാഥാർത്ഥ്യവും

## 1991ലെ തെരഞ്ഞെടുപ്പ് പത്രികയിൽ കോൺഗ്രസ് എന്താണ് വാഗ്ദാനം ചെയ്തത്?

"വിലകൾ തടയാനും പൊതു ഉപയോഗത്തിനുള്ള അത്യാവശ്യ സാധനങ്ങളുടെ വില കുറയ്ക്കുവാനും ഗവർമെണ്ടിൻെറ അധികാരം മുഴുവനും എടുത്തുപയോഗിക്കാനുമുള്ള ഉറച്ച നിശ്ചയം കോൺഗ്രസ് ആവർത്തിക്കുന്നു. സാമ്പത്തികനയം ഈ ലക്ഷ്യത്തിനുവേണ്ടി തിരിച്ചുവിടും. കരിഞ്ചന്ത കച്ചവടത്തിനും പൂഴ്ത്തിവയ്പിനും കൊള്ളലാഭമെടുക്കലിനും സാധാരണക്കാരൻെറ ദുരിതങ്ങളിൽനിന്നും ലാഭമുണ്ടാക്കാൻ ശ്രമിക്കുന്നവർക്കുമെതിരെ കർക്കശമായ നടപടികൾ കൈക്കൊള്ളും. ഡീസൽ, മണ്ണെണ്ണ, ഉപ്പ്, ഭക്ഷ്യഎണ്ണ, സൈക്കിൾ, ഇരുചക്രവാഹനങ്ങൾ, വൈദ്യുതി ബൾബുകൾ, പരുത്തിസാരികൾ, 40 കൗണ്ടിൽ താഴെയുള്ള മുണ്ടുകൾ, പുകയില്ലാത്ത ചൂളകൾ ഉൾപ്പെടെയുള്ള അടുപ്പുകൾ, ന്യൂസ്പ്രിൻറ്, പോസ്റ്റ്കാർഡുകൾ, ഇൻലൻറ് ലറ്ററുകൾ, എന്നിവയുടെ വിലകൾ 1990 ജൂലൈ നിലവാരത്തിലേക്കു തിരികെ കൊണ്ടുവരും.

തെരഞ്ഞെടുപ്പ് പത്രികയുടെ അവസാനം "ഞങ്ങളുടെ പ്രതിജ്ഞ". എന്ന തലക്കെട്ടിൽ ഈ അത്യാവശ്യ സാധനങ്ങളുടെ വിലനിലവാരം 1990 ജൂലൈയിലെ നിലവാരത്തിലേക്ക് തിരിച്ചുകൊണ്ടുപോകുമെന്ന് ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. മാത്രമല്ല ഇത് ഭരണത്തിലേറി ആദ്യത്തെ 100 ദിവസംകൊണ്ട് കൈവരിക്കുമെന്നും ഉറപ്പുനൽകുന്നു.

## എന്നിട്ടെന്തുണ്ടായി?

ഭരണത്തിലേറി നൂറുദിവസം കഴിഞ്ഞുതന്നെ മൻമോഹൻസിംഗ് പാർലമെണ്ടിൽ തുറന്നു സമ്മതിച്ചു, വില താഴ്ത്താനാവില്ല എന്ന്. പോട്ടെ വില താഴ്ത്തണ്ട, അവയെ പിടിച്ചുനിർത്താനെങ്കിലും കഴിഞ്ഞോ? കണക്കുകൾതന്നെ സംസാരിക്കട്ടെ.

| | 1991 ജൂൺ (വില രൂപയിൽ) | 1995 ഡിസംബർ (വില രൂപയിൽ) |
|---|---|---|
| റേഷനരി | 2.89–3.70 | 6.51–6.82 |
| ചമ്പാ അരി | 5.50–6.20 | 11.30–12.00 |
| പഞ്ചസാര | 6.50 | 14.00 |
| പരിപ്പ് | 12.50 | 34.80 |
| ഉഴുന്ന് | 13.00 | 27.30 |
| പയർ | 9.50 | 22.80 |
| ഉള്ളി | 4.50 | 7.00 |
| ഗോതമ്പ് | 4.50 | 8.30 |
| മൈദ | 5.80 | 9.10 |
| പാൽ (ലിറ്റർ) | 5.50 | 11.00 |
| പാചകവാതകം | 62.05 | 110.65 |
| പെട്രോൾ | 13.63 | 19.99 |
| ഡീസൽ | 5.95 | 7.95 |

## വിലക്കയറ്റം നമ്മുടെ എല്ലാവരുടെയും ജീവിതത്തെ എങ്ങനെ ബാധിക്കുന്നു? ആർക്കാണിതുകൊണ്ട് നേട്ടം?

സാധനങ്ങളുടെ വില കൂടുമ്പോൾ അവ വിൽക്കുന്നവർക്ക് നേട്ടംതന്നെ. വാങ്ങുന്നവർക്ക് നഷ്ടംവരും. മുതലാളിമാരുടെ ലാഭം പെരുകുന്നു; അവരുടെ ഉൽപന്നങ്ങൾ വാങ്ങുന്ന സാധാരണക്കാരൻെറ വരുമാനം ചോരുന്നു. നമ്മോടു തുറന്നുപറയാതെ, രഹസ്യമായി നമ്മുടെ വരുമാനത്തെ മുതലാളിമാർക്കും അവരുടെ സർക്കാരിനും ചോർത്തിയെടുക്കാനുള്ള ഉപായമാണ് വിലക്കയറ്റം.

വിലക്കയറ്റംമൂലം ജീവിതച്ചെലവ് എത്ര കുത്തനെയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ ഉയർന്നത് എന്നത് സർക്കാരിൻെറതന്നെ കണക്കുകൾ വ്യക്തമാക്കും. തൊഴിലെടുക്കുന്നവരുടെ ജീവിതച്ചെലവിൻെറ വർദ്ധനയെ സംബന്ധിച്ച സൂചിക കാലാകാലങ്ങളിൽ സർക്കാർ പ്രസിദ്ധീകരിക്കാറുണ്ട്. യഥാർഥ സ്ഥിതി മറച്ചുപിടിക്കുന്നതിന് പല തട്ടിപ്പുകളും ഈ സൂചിക തയ്യാറാക്കുന്നതിൽ നടത്താറുണ്ട് എന്നതാണ് യാഥാർത്ഥ്യം. എന്നിട്ടുപോലും താഴെപ്പറയുന്നതാണ് സ്ഥിതി.

### ജീവിത വിലസൂചിക

| | 1990–91 | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|---|
| വ്യവസായ തൊഴിലാളികൾ (1982=100) | 193 | 219 | 240 | 258 | 279 | 317 |
| കർഷക തൊഴിലാളികൾ (1960–61=100) | 803 | 958 | 1076 | 1114 | 1247 | 1413 |

വ്യവസായത്തൊഴിലാളികളുടെ സൂചിക 1982നെ അടിസ്ഥാനവർഷമായിയെടുത്താണ് കണക്കാക്കിയിരിക്കുന്നത്. അതായത് 1982ൽ ഇന്ത്യയിലെ വ്യവസായത്തൊഴിലാളികളുടെ ജീവിതച്ചിലവ് 100 എന്ന് അനുമാനിക്കുകയാണ് എങ്കിൽ 1995 സെപ്തംബർ മാസത്തിൽ ജീവിതച്ചിലവ് 317 ആയി ഉയർന്നിരിക്കുകയാണ്. 1990-91ൽ ഇത് 197 മാത്രമായിരുന്നു. അതായത് നരസിംഹറാവുവിൻെറ നാലരവർഷത്തെ ഭരണകാലത്ത് വ്യവസായതൊഴിലാളികളുടെ ജീവിതച്ചിലവ് 64 ശതമാനം ഉയർന്നു. സംഘടിതരായ മേഖലകളിലെ വ്യവസായത്തൊഴിലാളികൾക്ക് ഡിഎ വർദ്ധനവിലൂടെ തങ്ങളുടെ വരുമാനം ശോഷിക്കുന്നത് തടയുന്നതിന് ഒരു പരിധിവരെ സാധിച്ചു. എന്നാൽ അസംഘടിതരായ വ്യവസായതൊഴിലാളികൾക്കു ഇതിനു കഴിഞ്ഞിട്ടില്ല.

കർഷകത്തൊഴിലാളികൾ താരതമ്യേന കൂടുതൽ അസംഘടിതരാണ്. അവരുടെ ജീവിത വിലസൂചിക 1962 വർഷത്തെ അടിസ്ഥാനമാക്കിയാണ് കണക്കാക്കി വരുന്നത്. 1990-91നും 1995 സെപ്തംബറിനുമിടയ്ക്ക് കർഷകത്തൊഴിലാളികളുടെ ജീവിതച്ചിലവ് 76 ശതമാനമാണ് ഉയർന്നിരിക്കുന്നത്.

വിലക്കയറ്റത്തിൻെറ ഫലമായി ഇന്ത്യയിലെ ഭൂരിപക്ഷം ആളുകളുടെയും വരുമാനം ശോഷിച്ചിരിക്കുന്നു. നരസിംഹറാവുവിൻെറ ഭരണകാലത്ത് ഏതാണ്ട് 6 കോടി ആളുകളാണ് ദാരിദ്ര്യ രേഖയ്ക്ക് കീഴിലേക്ക് തള്ളി നീക്കപ്പെട്ടത്. പരമദരിദ്രരുടെ എണ്ണം ഇപ്രകാരം പെരുകുന്നതിന് പ്രധാന കാരണം വിലക്കയറ്റം തന്നെയാണ്.

## വിലകൾ ഇപ്രകാരം കയറുന്നതിന് കാരണമെന്ത്?

വിലകൾ കയറിയതല്ല കയറ്റിയതാണ്. വിലക്കയറ്റത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട കാരണം സർക്കാർ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെയും, സേവനങ്ങളുടെയും വിലകൾ ഏകപക്ഷീയമായി ഉയർത്തിയതാണ്. വിലകൾ താഴ്ത്താമെന്നു വാഗ്ദാനം ചെയ്തവർ ചെയ്തത് നോക്കൂ;

കേരളത്തിലെ സാമാന്യ ജനങ്ങൾ റേഷൻ സാധനങ്ങളെയാണല്ലോ മുഖ്യമായും ആശ്രയിക്കുന്നത്. അത്തരത്തിൽ റേഷൻ കടകളിലൂടെ വിതരണംചെയ്യുന്ന അരിയുടെ വില അഞ്ചുവർഷത്തിനുള്ളിൽ അഞ്ചുപ്രാവശ്യമാണ് ഗവർമെണ്ട് വർദ്ധിപ്പിച്ചത്. ആദ്യംതന്നെ റേഷനരിക്ക് നൽകിവന്ന സബ്സിഡി കേന്ദ്രഗവർമെണ്ട് വെട്ടിക്കുറച്ചു. ഇതുമൂലം കിലോഗ്രാമിന് 88 പൈസ വിലവർദ്ധിച്ചു. തുടർന്നുള്ള വർദ്ധന കൂടിയായപ്പോൾ 1991ൽ 2 രൂപ 59 പൈസ വിലയുണ്ടായിരുന്ന ഒരു കിലോഗ്രാം സാധാരണ അരിയുടെ വില 6 രൂപ 27 പൈസയായി ഉയർന്നു. 3 രൂപ 70 പൈസ വിലയുണ്ടായിരുന്ന സൂപ്പർഫൈൻ അരി വില 7 രൂപ 38 പൈസയായി. ഇതു മുൻവിലയുടെ ഇരട്ടിയിലേറെയാണ്. റേഷനരിവില പൊതുകമ്പോളത്തിലേതിനു തുല്യമാക്കി ഉയർത്തിയതുവഴി പൊതു കമ്പോളത്തിലും അരിവില ഗണ്യമായി ഉയരാൻ ഇടയായി. പൊതു കമ്പോളത്തിൽ അഞ്ചര-ആറു രൂപ വിലയുണ്ടായിരുന്ന അരിവില 11ഉം 12ഉം ആയി ഇപ്പോൾ ഉയർന്നിരിക്കുന്നു.

എതു ഭാഗത്തുനിന്നു സമ്മർദ്ദമുണ്ടായാലും ഭക്ഷ്യസബ്സിഡി നിർത്തുന്ന പ്രശ്നമില്ലെന്നും ദേശീയ സുരക്ഷിതത്വത്തിനുള്ള പ്രാധാന്യം ഭക്ഷ്യമേഖലയ്ക്കുണ്ടാവുമെന്നും കേന്ദ്ര സിവിൽസപ്ലൈസ് മന്ത്രിയായിരുന്ന എ കെ ആൻറണി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഈ പ്രഖ്യാപനം നിലനിൽക്കുമ്പോഴാണ് റേഷനരിയുടെ സബ്സിഡി വെട്ടിക്കുറച്ച് വില വർദ്ധി

പ്പിച്ചത് എന്ന യാഥാർത്ഥ്യം ആൻറണിക്ക് നിഷേധിക്കാനാവുമോ? ഇപ്പോൾ വീണ്ടും റേഷനരിവില വർദ്ധിപ്പിക്കാൻ കേന്ദ്രഗവർമെണ്ട് കരുക്കൾ നീക്കുന്നതായാണ് റിപ്പോർട്ട്.

ഗോതമ്പിൻെറയും പഞ്ചസാരയുടെയും വിലയിലും ഇക്കാലത്ത് ഇരട്ടിയിലധികം വർദ്ധനവുണ്ടായി. അഞ്ചരരൂപയായിരുന്ന പഞ്ചസാരവില 14 രൂപയോളമാണ് ഇന്ന്. ഒരു ഘട്ടത്തിൽ ഇത് 20 രൂപവരെയായി ഉയർന്നു. ഈ ഘട്ടത്തിലാണല്ലോ കുപ്രസിദ്ധമായ പഞ്ചസാര കുംഭകോണം അരങ്ങേറിയത്. അന്ന് ആ കുംഭകോണത്തിൽ 2500 കോടിയിലധികം രൂപയുടെ അഴിമതി നടന്നതായാണ് ആരോപണം ഉയർന്നുവന്നത്. അതുസംബന്ധിച്ച് ഗ്യാൻപ്രകാശ് കമ്മിറ്റി റിപ്പോർട്ട് പാർലമെണ്ടിൽ അവതരിപ്പിച്ചതിനെ തുടർന്ന് കേന്ദ്ര സിവിൽസപ്ലൈസ് മന്ത്രിയായിരുന്ന എ കെ ആൻറണിക്കു രാജിവെക്കേണ്ടി വന്നു. പഞ്ചസാരയുടെ ലഭ്യമായ സ്റ്റോക്ക് ഉപയോഗപ്പെടുത്തുന്നതിലും മിച്ച ശേഖരം തിട്ടപ്പെടുത്തുന്നതിലും വന്ന കെടുകാര്യസ്ഥതയായിരുന്നു ആൻറണിയെക്കുറിച്ച് ഉയർന്നുവന്ന പ്രധാന ആക്ഷേപം. ഇതിനെ വെറുമൊരു കെടുകാര്യസ്ഥതയായി തള്ളി കളയാനാവില്ലെന്നും വിപുലമായ ഒരു കൊള്ളയടി നടത്തുന്നതിനുള്ള പദ്ധതിയാണ് പഞ്ചസാര ഇറക്കുമതിയിലൂടെ ആവിഷ്ക്കരിക്കപ്പെട്ടതെന്നുമുള്ള ആരോപണം ഇന്നും നിലനിൽക്കുന്നു. അതേക്കുറിച്ച് സമഗ്രമായ അന്വേഷണമോ നടപടിയോ ഉണ്ടായില്ലെന്നു മാത്രമല്ല അതിനുത്തരവാദികളായവർ ഇപ്പോഴും ഭരണത്തിൽ തുടരുകയും ചെയ്യുന്നു.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റം ഒരു പ്രതിഭാസമായി വർഷംതോറും തുടരുകയാണ്. സാർവ്വദേശീയ വിപണിയിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കുറഞ്ഞാലും ഇവിടെ വില കയറുകയാണ് പതിവ്. 1991ൽ 13 രൂപ 63 പൈസയുണ്ടായിരുന്ന ഒരു ലിറ്റർ പെട്രോളിൻെറ ഇന്നത്തെ വില 19 രൂപ 99 പൈസയും 5 രൂപ 95 പൈസ വിലയായിരുന്ന ഒരു ലിറ്റർ ഡീസലിൻെറ വില ഇന്ന് 7 രൂപ 95 പൈസയുമാണ്. പാചകവാതകത്തിൻെറ വില വർദ്ധനവ് നൂറുശതമാനത്തോളമാണ്. 1991ൽ 62 രൂപ 5 പൈസയിൽനിന്ന് 110 രൂപ 65 പൈസയായി വർദ്ധിച്ചു. ചരക്കു കടത്തുകൂലിയിലും, യാത്രക്കൂലിയിലും പ്രതിവർഷം 1000 കോടി എന്ന കണക്കിനുള്ള വർദ്ധനവാണ് റെയിൽവേയും വരുത്തിയത്. ഇതെല്ലാം മറ്റ് അവശ്യ സാധനങ്ങളുടെ വിലയും യാത്രക്കൂലിയും ഗണ്യമായി വർദ്ധിപ്പിക്കാൻ ഇടയാക്കുകയും ഇതിൻെറ ഭാരം മുഴുവൻ സാമാന്യ ജനങ്ങളുടെ തലയിൽ കെട്ടിയേൽപ്പിക്കപ്പെടുകയും ചെയ്തു.

ഇതിനെല്ലാം പുറമെ സബ്സിഡികൾ വെട്ടിച്ചുരുക്കി, രാസവളങ്ങളുടെ വില വർദ്ധിപ്പിച്ച നടപടി, കേരളത്തിലെ കൃഷിക്കാരുടെ നട്ടെല്ലു തകർത്തു. നൂറും ഇരുന്നൂറും ശതമാനംവരെയാണ് പല രാസവളങ്ങളുടെയും വില വർദ്ധിച്ചത്. ഇത് കാർഷിക മേഖലയിലെ ഉൽപാദനവർദ്ധനവിനെ ഗുരുതരമായി ബാധിച്ചു. ഇതിൻെറ ഏറ്റവും തിക്തഫലം അനുഭവിക്കേണ്ടി വരുന്നത് ചെറുകിട-ഇടത്തരം കർഷകരാണ്.

## റേഷനരിയുടേയും ഗോതമ്പിൻേറയും വിലയിൽ കേന്ദ്രസർക്കാർ വരുത്തിയ വർധന

| | അരി | | | ഗോതമ്പ് (ക്വിൻറലിന്) |
|---|---|---|---|---|
| | സാധാരണ | ഫൈൻ | സൂപ്പർഫൈൻ | |
| 1990 ജൂൺ 25 | 289 | 349 | 370 | 234 |
| 1991 ഡിസംബർ 28 | 377 | 437 | 458 | 280 |
| 1993 ജനുവരി 11 | 437 | 497 | 518 | 330 |
| 1994 ഫെബ്രുവരി 1 | 537 | 617 | 648 | 402 |
| 1994 ഒക്ടോബർ 1 | 597 | 651 | 682 | 402 |
| 1995 ഡിസംബർ | 597 | 651 | 682 | 435 |

### വസ്തുതകൾ മുകളിൽ പറഞ്ഞ പ്രകാരമാണെങ്കിൽ പണപ്പെരുപ്പം കുറഞ്ഞുകൊണ്ടിരിക്കുകയാണ് എന്ന മൻമോഹൻസിങ്ങിൻെറ അവകാശവാദത്തിൻെറ അടിസ്ഥാനമെന്ത്?

ആദ്യത്തെ ഭരണവർഷം പൊതുവിലക്കയറ്റം 14 ശതമാനം ആയിരുന്നത് ഈ വർഷം 9 ശതമാനത്തിൽ താഴെയായി കുറച്ചു എന്നാണല്ലോ അദ്ദേഹം അവകാശപ്പെടുന്നത്. നരസിംഹറാവുവിൻെറ അഞ്ചു വർഷക്കാലവും വില നിലവാരം ഉയരുകയാണ് ഉണ്ടായത് എന്നും നാം കാണ്ടു. ഈ വസ്തുത മറച്ചുവച്ചിട്ട് കണക്കുകൊണ്ട് ഒരു കസർത്താണ് മൻമോഹൻസിങ്ങ് നടത്തുന്നത്.

സാധാരണക്കാരെ ബാധിക്കുന്ന അവശ്യസാധനങ്ങളുടെ വിലകളെ അടിസ്ഥാനമാക്കിയുള്ള ജീവിതച്ചെലവ് സൂചികയെക്കുറിച്ച് മൻമോഹൻസിങ്ങ് മൗനമവലംബിക്കുകയാണ് പതിവ്. അദ്ദേഹം സംസാരിക്കുക മൊത്തവില സൂചികയെക്കുറിച്ചാണ്. ഇന്ത്യയിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വിലകളെ അടിസ്ഥാനമാക്കിയാണ് മൊത്തവിലസൂചിക കണക്കാക്കുക. എന്നാൽ മൊത്തവില സൂചികയുടെയും ഗതി മുകളിലോട്ട് തന്നെയാണ് എന്നു പറയേണ്ടതില്ലല്ലോ. ഒന്നാം വർഷം 14 ശതമാനം. രണ്ടാം വർഷം 10 ശതമാനം. മൂന്നാം വർഷവും നാലാം വർഷവും 11 ശതമാനവും മൊത്തവിലനിലവാരം ഉയർന്നു. നടപ്പുവർഷം മൊത്തവിലക്കയറ്റം എട്ടു ശതമാനത്തോളമാണ് . അങ്ങനെ മൊത്തവില സൂചികയെടുത്താൽ പോലും അഞ്ചു വർഷംകൊണ്ട് 51 ശതമാനമാണ് വിലയുയർന്നത്. ഈ വസ്തുത തുറന്നു സമ്മതിക്കുന്നതിനു പകരം മൻമോഹൻസിങ്ങ് പറയുന്നതു വിലക്കയറ്റം 14 ശതമാനത്തിൽ നിന്നും എട്ടു ശതമാനമായി താണു എന്നാണ്.

### സാധനങ്ങളുടെ വില സർക്കാർ നേരിട്ട് ഉയർത്തുന്നതു മാറ്റിനിർത്തിയാൽ വിലക്കയറ്റത്തിന് പ്രധാനകാരണം കമ്മിപ്പണമാണല്ലോ. കമ്മി വെട്ടിച്ചുരുക്കുന്നതിനു മൻമോഹൻസിങ്ങ് നടത്തിയ പരിശ്രമങ്ങൾ പണപ്പെരുപ്പത്തിന് കടിഞ്ഞാണിടുന്നതിന് സഹായിക്കില്ലേ.?

സഹായിച്ചിട്ടില്ല എന്നതാണ് വസ്തുത. കാരണം ലളിതമാണ്. കമ്മി പ്പണം കുറക്കുന്നതിനു കഴിഞ്ഞിട്ടില്ല എന്നതുതന്നെ. കമ്മി കുറക്കുമെന്ന് ഓരോ വർഷവും അദ്ദേഹം പ്രഖ്യാപിക്കും വർഷാവസാനം ബജറ്റ് മതിപ്പു കണക്കിനെയെല്ലാം തെറ്റിച്ചുകൊണ്ടു കമ്മി പെരുകുന്നതായാണ് കണക്കുകൾ കാണിക്കുന്നത്.

സർക്കാർ ചിലവിന് വരുമാനം തികയാതെ വരുമ്പോൾ കമ്മി നികത്തുന്നതിന് നോട്ടടിക്കുന്നതിനെയാണ് കമ്മിപ്പണമെന്നു പറയുന്നത്. തൻെറ പ്രഥമ ബജറ്റവതരിപ്പിച്ചുകൊണ്ട് മൻമോഹൻസിങ്ങ് പറഞ്ഞു. "കമ്മിപ്പണം മാത്രമല്ല കുഴപ്പമുണ്ടാക്കുന്നത്. സർക്കാർ ചിലവുകൾക്കുവേണ്ടി വായ്പയെടുക്കുന്നതും കമ്മിപ്പണം പോലെ കുഴപ്പം സൃഷ്ടിക്കും. ആയതിനാൽ വായ്പയേയും കമ്മിയുടെ ഭാഗമായി തന്നെ കണക്കാക്കും" - അദ്ദേഹം തൻെറ പുതിയ സങ്കൽപനത്തിന് ഒരു പേരു നൽകി, ധനക്കമ്മി. കമ്മിപ്പണത്തിനും ധനക്കമ്മിക്കും കഴിഞ്ഞ മൂന്നുവർഷക്കാലം എന്തു സംഭവിച്ചു എന്നു താഴെ കൊടുത്തിരിക്കുന്ന കണക്കുകൾ വ്യക്തമാക്കും.

### കേന്ദ്രസർക്കാരിൻെറ കമ്മി: മതിപ്പു കണക്കും യഥാർഥ ചിലവും

| | കമ്മിപ്പണം | | ധനക്കമ്മി | |
|---|---|---|---|---|
| | മതിപ്പുകണക്ക് | യഥാർഥം | മതിപ്പു കണക്ക് | യഥാർഥം |
| 1992-93 | 5389 | 12312 | 34408 | 40173 |
| 1993-94 | 4314 | 9060 | 36959 | 58551 |
| 1994-95 | 6000 | 6000 | 54915 | 61035 |
| 1995-96 | 5000 | ? | 57634 | ? |

കമ്മി കുറയുകയല്ല പെരുകുകുയാണ് മൻമോഹൻസിങ്ങിൻെറ കീഴിൽ നടന്നത്. ബജറ്റ് മതിപ്പു കണക്കുകളുടെ വിശ്വാസ്യതയെ തകർക്കുംവിധം കണക്കുകൾ തെറ്റുന്നു. വികസന പ്രവർത്തനങ്ങൾക്കോ ക്ഷേമപ്രവർത്തനങ്ങൾക്കോ കൂടുതൽ തുക ചിലവാക്കിയതുകൊണ്ടല്ല ഇങ്ങനെ സംഭവിച്ചത്. ഒരു വശത്ത് ഭരണച്ചെലവും, ധൂർത്തും, വെട്ടിപ്പും ഏറിക്കൊണ്ടിരിക്കുന്നു. മറുവശത്ത് പണക്കാർക്ക് നികുതി സൗജന്യങ്ങൾ നൽകുന്നതുമൂലം ഭരണച്ചെലവിലെ വർധനയനുസരിച്ച്, സർക്കാരിൻെറ റവന്യൂ വരുമാനമുയരുന്നില്ല. സാങ്കേതിക ഭാഷയിൽ പറഞ്ഞാൽ, സർക്കാരിൻെറ റവന്യൂ കമ്മി ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. 1994-95 റവന്യൂകമ്മി 34,132 കോടിരൂപയാണ്. അതായത് മൊത്തം ഭരണച്ചെലവിൻെറ ഏതാണ്ട് മൂന്നിലൊന്ന്!. നിത്യനിദാന ചെലവുകൾക്കുപോലും ഓരോ വർഷം കഴിയുന്തോറും കൂടുതൽ കൂടുതൽ വായ്പകളെ ആശ്രയിക്കേണ്ടിവരുന്ന ഗതികേടിലാണ് കേന്ദ്രസർക്കാർ. ഇപ്രകാരം പൂർണ്ണമായും ധനപരമായ അരാജകത്വമാണ് കൊടികുത്തിവാഴുന്നത്.

J1040



## ഇതൊക്കെ കേന്ദ്രസർക്കാരിൻെറ ചെയ്തികളല്ലേ? കേരളത്തിലെ സംസ്ഥാന സർക്കാരിനെ വിലക്കയറ്റത്തിന് കുറ്റം പറയാനാകുമോ?

കേന്ദ്ര സർക്കാരിൻെറ അതേ ജനദ്രോഹനയം പിന്തുടരുകയാണ് സംസ്ഥാന ഗവർമെണ്ടും തങ്ങളുടെ നാലു വർഷത്തിലൂടെ ചെയ്തത്. മാത്രമല്ല വിലക്കയററം മൂലം പൊറുതിമുട്ടുന്ന ജനങ്ങളുടെ ദുരിതം വർധിപ്പിക്കാനും അവർ നടപടികൾ സ്വീകരിച്ചു. വിലക്കയറ്റം ഒരു പരിധി വരെ തടഞ്ഞുനിർത്താനും ജനങ്ങൾക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യാനും ശക്തമായ ഒരു പൊതുവിതരണ സംവിധാനം സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നു. ഇതിനു മുമ്പത്തെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവർമെണ്ട് ആ സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട് എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും വിപുലമായ തോതിൽ മാവേലിസ്റ്റോറുകൾ സ്ഥാപിച്ച് ജനങ്ങൾക്ക് ആശ്വാസം നൽകാൻ നടപടികൾ സ്വീകരിച്ചിരുന്നു. ഈ സംവിധാനം ഇന്നാകെ തകർച്ചയിലാണ്. അവയിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില അടിക്കടി വർധിപ്പിച്ച് പൊതു കമ്പോളത്തിലെ വിലയ്ക്കു തുല്യമാക്കി. ഇതുമൂലം ജനങ്ങൾക്ക് മാവേലി സ്റ്റോറുകളോട് താൽപര്യമില്ലാതായിത്തീർന്നു. മാത്രമല്ല, മാവേലി സ്റ്റോറുകളിലൂടെ വിൽപന നടത്തുന്നതിനു വേണ്ടി സാധനങ്ങൾ വാങ്ങുന്നതിൽ വമ്പിച്ച അഴിമതിയും വെട്ടിപ്പും അരങ്ങേറുകയും ചെയ്തു. കുപ്രസിദ്ധമായ പാമോയിൽ ഇറക്കുമതി കുംഭകോണം, ജീരകം, വറ്റൽമുളക് കച്ചവടം ഇവയിലൂടെ കോടിക്കണക്കിന് രൂപ ഭരണക്കാർ തട്ടിയെടുത്തതായുള്ള ആക്ഷേപമാണ് വെളിച്ചത്തു വന്നത്. സർവ്വീസ് മേഖലയിലും നികുതി-ചാർജ് വർധന കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ പല പ്രാവശ്യം നടപ്പിലാക്കി. വൈദ്യുതി ചാർജ് വർഷം തോറും വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. കുടിവെള്ളക്കരവും രണ്ടര ഇരട്ടിയോളമാണ് വർധിപ്പിച്ചത്. ബസ് യാത്രക്കാരെയും വെറുതെ വിട്ടില്ല. അവിടെയും ചാർജ് വർധന നടപ്പിലാക്കി. എന്തിനേറെ, പാവപ്പെട്ട രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ലഭിച്ചിരുന്ന സൗജന്യചികിൽസയ്ക്കും ഫീസ് ഏർപ്പെടുത്തി. ഒ. പി ടിക്കറ്റിനു മുതൽ പ്രസവം വരെയും ശവം സൂക്ഷിക്കുന്നതിനുപോലും ഫീസ് ചുമത്താൻ വലതുമുന്നണി സർക്കാർ മടിച്ചില്ല. ഒടുവിൽ ശക്തമായ ജനരോഷത്തിൻെറ ഫലമായി ചില ഫീസുകൾ കുറക്കാൻ ഗവർമെണ്ട് നിർബന്ധിതമായെങ്കിലും മിക്ക ഫീസുകളും ഇപ്പോഴും ചുമത്തുന്നു.

ഇങ്ങനെ നാനാ മേഖലയിലും ജനങ്ങളുടെ ജീവിതഭാരം വർധിപ്പിക്കാൻ മാത്രം നടപടികൾ സ്വീകരിച്ച ഗവർമെണ്ട് തൊഴിലാളികളുടെയും ജീവനക്കാരുടെയും ജീവിതഭാരം ലഘൂകരിക്കാൻ അതിനനുസൃതമായ ശമ്പള വർധനയോ, ക്ഷാമബത്തയോ നൽകാനും തയ്യാറായില്ല. ഇത്തരം ജനദ്രോഹഭരണത്തിന് ജനങ്ങൾ മാപ്പു കൊടുക്കില്ലെന്നു തീർച്ച.

20..2..1996

---

അച്ചടി പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിങ്ങ് & പബ്ലിഷിംഗ്
കമ്പനി (പ്രൈ) ലിമിറ്റഡ്, തിരുവനന്തപുരം.

Indic Digital Archive Foundation

# പെരുകുന്ന തൊഴിലില്ലായ്മയും കയറുന്ന സാധനവിലയും

320.954
PER

സി.പി.ഐ എം സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

വില: 0.75 പൈസ

gpura.org